# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1353

03.12.2015-ൽ മറുപടിക്ക്

**രജിസ്ട്രേഷൻ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ. പ്രദീപ്കുമാർ** | **ശ്രീ.അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) കഴിഞ്ഞ അഞ്ച് ബജറ്റുകളിലായി രജിസ്ട്രേഷൻ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) കഴിഞ്ഞ അഞ്ച് ബജറ്റുകളിലായി രജിസ്ട്രേഷൻ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ താഴെ ചേർക്കുന്നു:<br><br>**2011-2012**<br><br>1)സബ് രജിസ്ട്രാർ ഓഫീസുകളെ ലോക്കൽ ഏരിയ ശൃംഖല വഴി റവന്യൂ ഓഫീസുകളുമായി ബന്ധപ്പെടുത്തി തൽസമയം ഓൺലൈനായി വിവരങ്ങൾ കൈമാറി ഉടൻ തന്നെ പോക്കുവരവ് ചെയ്യാനുള്ള സമ്പ്രദായം നടപ്പിലാക്കും.<br><br>2)പ്രമാണങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈനാക്കും.<br><br>**2012-2013**<br><br>1)രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ നെറ്റ്‌വർക്ക് മുഖാന്തിരം തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ എത്തിച്ചുകൊണ്ട് കേരളത്തിലെ ഭൂമി സംബന്ധമായ രജിസ്ട്രേഷൻ വിവരങ്ങൾ ഒരു സ്ഥലത്ത് കേന്ദ്രീകരിക്കുന്ന പദ്ധതി.<br><br>2) ഏകജാലക സംവിധാനം സബ് രജിസ്ട്രാർ ഓഫീസുകളിൽ ഏർപ്പെടുത്തുന്നതാണ്.<br><br>3)ആധാര രജിസ്ട്രേഷനുകൾക്ക് ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.<br><br>(4) രജിസ്ട്രേഷൻ വകുപ്പു നൽകുന്ന വിവിധ സേവനങ്ങൾക്ക് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതാണ്.<br><br>**2013-2014**<br><br>1)തിരുവനന്തപുരം ജില്ലയിലെ 10 സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധി പുനർനിർണ്ണയിച്ചുകൊണ്ട് ഏത് ആധാരവും |

ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്ന സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കും.

2)എല്ലാ സബ് രജിസ്ട്രാർ ഓഫീസിലും നെറ്റ്വർക്കിംഗ് പദ്ധതി നടപ്പിലാക്കും.

3)തിരുവിതാംകൂർ-കൊച്ചി സാഹിത്യ-ശാസ്ത്രീയ-ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ നിയമവും ഇൻഡ്യൻ സൊസൈറ്റി രജിസ്ട്രേഷൻ നിയമവും ഏകീകരിച്ചുകൊണ്ട് കേരളത്തിൽ പുതിയ സൊസൈറ്റി രജിസ്ട്രേഷൻ നിയമം നടപ്പിലാക്കും.

4)സംസ്ഥാന വ്യാപകമായി ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കും

**<u>2014-2015</u>**

1)എടവണ്ണ ആസ്ഥാനമാക്കി സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കും.

2)രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിനുവേണ്ടി കൂത്താട്ടുകുളത്ത് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കും.

**2015-16**

2015-16 വർഷത്തെ ബഡ്ജറ്റിൽ രജിസ്ട്രേഷൻ വകുപ്പിനായി പുതിയ പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ല.

ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബജറ്റിലും വകയിരുത്തിയ തുകയെത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്നും പിൻവലിച്ച തുക എത്ര;

ബി)

**2011-2012**

വകയിരുത്തിയ തുക (ലക്ഷത്തിൽ)-400
പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുക (ലക്ഷത്തിൽ) -394.05

**2012-2013**

വകയിരുത്തിയ തുക (ലക്ഷത്തിൽ)-500
പദ്ധതികളുടെ നടത്തിപ്പിനായ ചെലവഴിച്ച തുക (ലക്ഷത്തിൽ) – 495.56

**2013-2014**

വകയിരുത്തിയ തുക (ലക്ഷത്തിൽ)-800
പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുക (ലക്ഷത്തിൽ) – 787.71

**2014-2015**

വകയിരുത്തിയ തുക (ലക്ഷത്തിൽ)-910
പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുക (ലക്ഷത്തിൽ) – 910

**2015-16**

രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിനുവേണ്ടി കൂത്താട്ടുകുളത്ത് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല

സി) ഈ അഞ്ച് ബജറ്റുകളിലുമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതു മായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

സി)

**2011-2012**

തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ പ്രമാണങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈനാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പദ്ധതി പൂർത്തീകരിച്ചു വരുന്നു. മററ് ജില്ലകളിൽ പദ്ധതിക്കായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഓൺലൈൻ പോക്കുവരവ് പദ്ധതി തിരുവനന്തപുരം ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്.

**2012-2013**

ആധാര രജിസ്ട്രേഷനുകൾക്ക് ഇ- സ്റ്റാമ്പിംഗ് പദ്ധതി ഒഴികെയുള്ള പദ്ധതികൾ തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു. മററ് ജില്ലകളിൽ പദ്ധതിക്കായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇ- സ്റ്റാമ്പിംഗ് പദ്ധതിക്കായുള്ള നിയമ ഭേദഗതി ഓർഡിനൻസ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

**2013-2014**

തിരുവനന്തപുരം ജില്ലയിലെ 10 സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധി പുനർനിർണ്ണയിച്ചുകൊണ്ട് ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്ന സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനം നെറ്റ്‌വർക്കിംഗ് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

തിരുവിതാംകൂർ - കൊച്ചി സാഹിത്യ-ശാസ്ത്രീയ - ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ നിയമവും ഇൻഡ്യൻ

സൊസൈറ്റി രജിസ്ട്രേഷൻ നിയമവും ഏകീകരിച്ചുകൊണ്ട് കേരളത്തിൽ പുതിയ സൊസൈറ്റി രജിസ്ട്രേഷൻ നിയമം നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനം നടപ്പിലായിട്ടില്ല. ഏകീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**2014-2015**

1. എടവണ്ണ ആസ്ഥാനമാക്കി സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുമെന്നുള്ള പ്രഖ്യാപനം നടപ്പിലായിട്ടില്ല. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2. രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിനുവേണ്ടി കൂത്താട്ടുകുളത്ത് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് 2015-16 സാമ്പത്തിക വർഷം രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ